# കേരള കാർഷിക സർവ്വകലാശാല
## ഡിപ്പാർട്മെന്റ് ഓഫ് പ്ലാന്റ് പാത്തോളജി
## കോളേജ് ഓഫ് അഗ്രിക്കൾച്ചർ, വെള്ളാനിക്കര - 680656
**ഫോൺ നമ്പർ: (0487) 2438354 ഇമെയിൽ: cohpath@kau.in**


No/ PP/359/2021-22 തീയതി: 08.03.23

## ക്വട്ടേഷൻ / ലേല പരസ്യം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര കാർഷിക കോളേജിലെ പ്ലാൻറ് പാത്തോളജി ഡിപ്പാർട്ട്മെൻറ് പ്രസിദ്ധപ്പെടുത്തുന്നത്:

പ്ലാൻറ് പാത്തോളജി ഡിപ്പാർട്ട്മെൻറ് ലാബിലെ ഉപയോഗ ശൂന്യവും പ്രവർത്തനരഹിതവുമായ ലബോറട്ടറി ഉപകരണങ്ങളും, കമ്പ്യൂട്ടർ, പ്രിൻറർ തുടങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങളും **22.03.23 രാവിലെ 11 മണിക്ക്** വെള്ളാനിക്കര കാർഷിക കോളേജിലെ പ്ലാൻറ് പാത്തോളജി ഡിപ്പാർട്ട്മെന്റിൽ വച്ച് പരസ്യമായി ലേലം ചെയ്തും ക്വട്ടേഷൻ സ്വീകരിച്ചും വിൽക്കുന്നതാണ്.

**നിബന്ധനകൾ:**

1. ലേലത്തിൽ/ ക്വട്ടേഷനിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 500 രൂപ നിരതദ്രവ്യം **22.03.23** ന് രാവിലെ **11 മണിക്ക്** മുൻപായി ഓഫീസിൽ കെട്ടിവെക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നവർ ലേല ദിവസം 11 മണിക്ക് മുൻപായി ക്വട്ടേഷനുകൾ പ്രൊഫസർ & ഹെഡ്, പ്ലാൻറ് പാത്തോളജി ഡിപ്പാർട്ട്മെൻറ് എന്ന പേരിൽ സീൽ ചെയ്ത കവറിൽ സമർപ്പിക്കേണ്ടതാണ്.
2. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതാണ്. അന്നേ ദിവസം രാവിലെ 11 മണിക്ക് ഉപകരണങ്ങൾ പരസ്യമായി ലേലം ചെയ്യുന്നതും ലേലത്തിന് ശേഷം ലഭ്യമായ ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്.
3. ലേലത്തിൽ കൂടുതൽ സംഖ്യക്ക് വിളിക്കുന്ന ആളുടെ പേരിലോ ലേലത്തിന് ശേഷം തുറക്കുന്ന ക്വട്ടേഷനിൽ ഏറ്റവും കൂടുതൽ തുക കാണിച്ചിരിക്കുന്ന വ്യക്തിയുടെ പേരിലോ (ഏതാണോ കൂടുതൽ) ലേലം/ ക്വട്ടേഷൻ ഉറപ്പിക്കുന്നതാണ്.
4. സ്വീകാര്യമായ ക്വട്ടേഷൻ/ ലേലം നൽകിയ വ്യക്തി ക്വട്ടേഷൻ/ ലേലത്തുകയുടെ 1/3 ഭാഗം ഉടൻ തന്നെ അടക്കേണ്ടതും ബാക്കി തുക മുഴുവൻ (18% GST ഉൾപ്പെടെ) ഏഴ് ദിവസത്തിനകം അടച്ച് ഉപകരണങ്ങൾ സ്വന്തം ചെലവിൽ നീക്കം ചെയ്യേണ്ടതുമാണ്.

5. ലേലം/ ക്വട്ടേഷൻ ലഭിച്ച വ്യക്തി ലേല നിബന്ധനകളിൽ വീഴ്ച്ച വരുത്തുന്ന പക്ഷം സർവ്വകലാശാലക്കുണ്ടാവുന്ന എല്ലാ നഷ്ടങ്ങൾക്കും ഉത്തരവാദിയായിരിക്കുന്നതും, അയാളിൽ നിന്നും നിലവിലുള്ള നിയമപ്രകാരം നഷ്ടം ഈടാക്കുന്നതുമാണ്.

6. ലേലം ഉറപ്പിക്കുവാനോ, ഉറപ്പിക്കാതിരിക്കുവാനോ, മാറ്റിവെക്കുവാനോ ഉള്ള എല്ലാ അധികാരങ്ങളും വകുപ്പ് മേധാവിയിൽ നിക്ഷിപ്തമാണ്.

7. നിശ്ചിത തിയ്യതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.

8. ക്വട്ടേഷൻ/ ലേലം ചെയ്യാനുദ്ദേശിക്കുന്ന ഉപകരണങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഓഫീസ് സമയങ്ങളിൽ (10 am to 5 pm) ഈ ഓഫീസിൽ വന്ന് പരിശോധിക്കാവുന്നതാണ്.

9. ലേലത്തിൽ/ ക്വട്ടേഷനിൽ പങ്കെടുക്കാനെത്തുന്നവർ നിർബന്ധമായും തിരിച്ചറിയൽ കാർഡും, പാൻ കാർഡും കയ്യിൽ സൂക്ഷിക്കേണ്ടതാണ്

10. കേരള സർക്കാരിന്റെ എല്ലാ ലേല വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമാണ്.

College of Agriculture Vellanikkara Dept. of Plant Pathology

പ്രൊഫസർ & ഹെഡ്

8/3/2023

Professor & Head
Dept. of Plant Pathology
College of Agriculture
Kerala Agricultural University
Vellanikkara, Thrissur - 680 656

പകർപ്പ്

കോളേജ് നോട്ടീസ് ബോർഡ്

കെ.എ .യു .വെബ്സൈറ്റ്

വിവിധ വകുപ്പുകൾ, കാർഷിക കോളേജ്, വെള്ളാനിക്കര

സെൻട്രൽ നഴ്സറി നോട്ടീസ് ബോർഡ്

എസ്റ്റേറ്റ് ഓഫീസ് നോട്ടീസ് ബോർഡ്